# ആറ്റുകാൽ ഭഗവതിക്ഷേത്രം ട്രസ്റ്റ്

ആറ്റുകാൽ, തിരുവനന്തപുരം-9

നമ്പർ.ഇ3/482/2024/എബിറ്റിറ്റി/ 520 തീയതി : 04.02.2024

## റീ ടെണ്ടർ പരസ്യം

## പൂജയ്ക്കാവശ്യമുള്ള തോർത്ത് സപ്ലൈ

ആറ്റുകാൽ ഭഗവതിക്ഷേത്രത്തിൽ 1-4-2024 മുതൽ 31-3-2025 വരെ പൂജയ്ക്കാവശ്യമായ തോർത്ത് സപ്ലൈ ചെയ്യുന്നതിനുള്ള അവകാശത്തിന് അംഗീകൃത ടെക്സ്റ്റയിൽസുകാരിൽ നിന്നും മുദ്രവച്ച ടെൻഡറുകൾ ക്ഷണിച്ചുകൊള്ളുന്നു. ടെൻഡറുകൾ ഇതോടൊപ്പം ചേർത്തിരിക്കുന്ന ഫാറത്തിൽ പൂരിപ്പിച്ച് 08.02.2024 വ്യാഴാഴ്ച വൈകുന്നേരം 3.00 മണിക്ക് മുമ്പായി ട്രസ്റ്റ് ഓഫീസിൽ ലഭിച്ചിരിക്കേണ്ടതും, 08.02.2024 വ്യാഴാഴ്ച വൈകുന്നേരം 4.00ന് സന്നിഹിതരായിരിക്കുന്ന ടെൻഡറുകാരുടെ സാന്നിദ്ധ്യത്തിൽ തുറക്കുന്നതുമാണ്.

***ടെൻഡർ നിബന്ധനകൾ***

1. നിരതദ്രവ്യതുകയായ 5,000 രൂപയ്ക്ക് (അയ്യായിരംരൂപ മാത്രം) ഏതെങ്കിലും ഷെഡ്യൂൾഡ് ബാങ്കിൽ നിന്നും സെക്രട്ടറി, ആറ്റുകാൽ ഭഗവതിക്ഷേത്രം ട്രസ്റ്റ്, തിരുവനന്തപുരം എന്ന പേരിൽ ഡിമാന്റ് ഡ്രാഫ്റ്റ് വാങ്ങി ടെൻഡറിനോടൊപ്പം അടക്കം ചെയ്തിരിക്കേണ്ടതാണ്. കവറിനു മുകളിൽ വ്യക്തമായി ഇന്ന കോൺട്രാക്റ്റിനുള്ള ടെൻഡർ എന്നെഴുതുകയും ടെൻഡർ സമർപ്പിക്കുന്ന വ്യക്തിയുടെ പേരും മേൽവിലാസവും കവറിനു പുറത്ത് രേഖപ്പെടുത്തേണ്ടതുമാണ്. ടെൻഡറിനോടൊപ്പം ചേർത്തിരിക്കുന്ന ടെൻഡർ ഫാറം പൂരിപ്പിച്ച് ടെൻഡറിനോടൊപ്പം അടക്കം ചെയ്തിരിക്കേണ്ടതാണ്.
2. ക്ഷേത്രത്തിലേയ്ക്കാവശ്യമായ തോർത്ത്
   1.10 മീ. x 55 സെ.മീ. (20 നൂൽ) (ഉദ്ദേശം 3000 എണ്ണം) ക്ഷേത്രത്തിൽ നിന്നും നിർദ്ദേശിക്കുന്ന സമയങ്ങളിൽ ആവശ്യാനുസരണം സപ്ലൈ ചെയ്യേണ്ടതാണ്. മേൽപറഞ്ഞതരത്തിലുള്ള തോർത്തിന് ഒരെണ്ണത്തിന്റെ തുക ടെൻഡറിൽ രേഖപ്പെടുത്തേണ്ടതാണ്.(സാമ്പിൾ ഹാജരാക്കേണ്ടതാണ്)
3. ടെൻഡർ സ്ഥിരപ്പെടുത്തി കിട്ടുന്ന വ്യക്തി നിശ്ചിത വ്യവസ്ഥകൾ ഉൾപ്പെടുത്തി സെക്യൂരിറ്റി തുകയായി 5,000 രൂപ (അയ്യായിരം രൂപ മാത്രം) ഒടുക്കി 200/- രൂപയുടെ മുദ്രപത്രത്തിൽ രണ്ടു ഫോട്ടോ സഹിതം നിശ്ചിത കരാർ ഒപ്പിട്ട് ട്രസ്റ്റ് ഓഫീസിൽ ഹാജരാക്കേണ്ടതാണ്. സർക്കാർ അനുശാസിക്കുന്ന എല്ലാ നികുതികളും ഒടുക്കുവാൻ കരാറുകാരൻ ബാദ്ധ്യസ്ഥനാണ്.
4. ടെൻഡർ കാലയളവിൽ യാതൊരു കാരണവശാലും നിരക്കുകൾ വർദ്ധിപ്പിക്കുന്നതല്ല
5. ടെൻഡർ സ്ഥിരപ്പെടുത്തി കിട്ടുന്ന വ്യക്തി/സ്ഥാപനം ഈ അവകാശം യാതൊരു കാരണവശാലും മറ്റൊരാൾക്ക് കൈമാറുവാൻ പാടുള്ളതല്ല.
6. കരാർ ലംഘനം നടത്തിയതായി കാണുന്ന പക്ഷം യാതൊരു മുന്നറിയിപ്പും കൂടാതെ കരാർ റദ്ദുചെയ്യുന്നതുൾപ്പെടെയുള്ള മേൽനടപടികൾ സ്വീകരിക്കുന്നതിന് ട്രസ്റ്റ് സെക്രട്ടറിക്ക് പൂർണ്ണ അവകാശവും അധികാരവും ഉണ്ടായിരിക്കുന്നതാണ്.
7. ടെൻഡർ കാരണം പറയാതെ നിരസിക്കുന്നതിനും, ടെൻഡർ സമയത്തിൽ മാറ്റം വരുത്തുന്നതിനുമുള്ള പൂർണ്ണ അവകാശവും അധികാരവും ട്രസ്റ്റ് സെക്രട്ടറിയിൽ നിക്ഷിപ്തമാണ്.
8. മുമ്പ് സപ്ലൈ നടത്തിയിട്ടുള്ള സ്ഥലത്തു യാതൊരു ബാദ്ധ്യതയും ഇല്ലെന്ന് തെളിയിക്കുന്ന സർട്ടിഫിക്കറ്റ് ഹാജരാക്കേണ്ടതാണ്.
9. ടെൻഡർ സംബന്ധിച്ചുള്ള എല്ലാ പൊതുനിയമങ്ങളും ട്രസ്റ്റ് നിയമങ്ങളും ഈ ടെൻഡറിനും ബാധകമായിരിക്കുംഭ

സെക്രട്ടറി
ആറ്റുകാൽ ഭഗവതിക്ഷേത്രം ട്രസ്റ്റ്

ടെൻഡറുകാരന്റെ

പേരും ഒപ്പും :

സ്ഥലം :

തീയതി :